## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.701** **30/06/2015-ൽ മറുപടിക്ക്**

## റീജിയണൽ ക്യാൻസർ സെന്ററിൽ രോഗികളുടെ ബന്ധുക്കൾക്ക് താമസസൗകര്യം

**ചോദ്യം**

ശ്രീ.കെ.എൻ.എ.ഖാദർ

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സയ്ക്കായി എത്തുന്ന രോഗികളുടെ ബന്ധുക്കൾക്കും കൂട്ടിരിപ്പുകാർക്കും മതിയായ താമസ സൗകര്യം പലപ്പോഴും ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) (ബി) | മറ്റു സർക്കാർ ആശുപത്രികളിൽ എന്നത് പോലെ ആർ.സി.സി.യിൽ എത്തുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്കും ബന്ധുക്കൾക്കും താമസസൗകര്യം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ചികിത്സക്കായി വിദൂര ജില്ലകളിൽ നിന്നും വരുന്ന കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും സന്നദ്ധ സംഘടനയുടെ സഹായത്തോടെ തിരുവനന്തപുരത്ത് താമസ സൗകര്യം ഒരുക്കിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ താമസസൗകര്യം ആവശ്യമായവർക്ക് ക്യാൻസർ സെന്ററിലും അനുബന്ധപ്രദേശത്തും എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; ഈ സൗകര്യങ്ങൾ പലപ്പോഴും അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | |
| (സി) | ആർ.സി.സി.യുടെ സമീപ പ്രദേശത്തെ പല സ്വകാര്യ ലോഡ്ജുകളും മറ്റ് സ്വകാര്യ താമസ കേന്ദ്രങ്ങളും രോഗികളെയും കൂട്ടിരിപ്പുകാരെയും ചൂഷണം ചെയ്ത് ഉയർന്ന തുക ഈടാക്കുന്നത് തടയുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; | (സി) | ഏർപ്പെടുത്തിയിട്ടില്ല. |
| (ഡി) | ഈ പ്രദേശത്ത് എത്തുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും താമസസൗകര്യ ലഭ്യതയില്ലുണ്ടാകുന്ന പ്രശ്നങ്ങൾ അതിവേഗം പരിഹരിക്കുന്നതിന് കൂടുതൽ സൗകര്യങ്ങൾ സർക്കാർ ഉടമസ്ഥതയിൽ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ